**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 565** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഡേറ്റാബേസ് ചോർത്തിയ സംഭവത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ ഓൺലൈൻ ഡേറ്റാബേസ് പാകിസ്ഥാൻ ആസ്ഥാനമായ ഹാക്കർ സംഘം ചോർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | രാജ്യത്ത് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രോഡീകരിക്കുന്ന ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിൽ (CERT - India) നിന്നും 2023 മാർച്ച് 4 ന് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റമായ 'സമ്പൂർണ'യിലെ വിവരങ്ങൾ എന്ന പേരിൽ ഡാർക് വെബിൽ 'Team_Insane_pk' എന്ന ത്രെഡിൽ കാണുന്നുണ്ടെന്നും അത് പരിശോധിച്ച് അടിയന്തിര സുരക്ഷാ നടപടികളെടുക്കണമെന്നുമുള്ള ഇ-മെയിൽ സന്ദേശം സംസ്ഥാന ഐ.ടി. മിഷന് കീഴിലുള്ള CERT - Kerala ൽ നിന്ന് കൈറ്റിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും മാർച്ച് 6-ന് ലഭിക്കുകയുണ്ടായി.<br><br>പ്രസ്തുത ഇ-മെയിൽ സന്ദേശം ലഭിച്ച ഉടനെ കൈറ്റ് അത് പരിശോധിക്കുകയും പി.ആർ.ഡബ്ല്യു എച്ച്.എസ്.എസ്.ന്റെ 3MB മാത്രം വലുപ്പമുള്ള ഡാറ്റയാണ് പരസ്യപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാക്കുകയും ഇത് സമ്പൂർണയുടെ ഡാറ്റാബേസ് ഹാക്ക് ചെയ്യാതെ തന്നെ പ്രസ്തുത സ്കൂളിന്റെ ലോഗിൻ ഉപയോഗിച്ച് .pdf രൂപത്തിൽ റിപ്പോർട്ട് ഡൗൺലോഡ് ചെയ്തതാണെന്നും മനസ്സിലാക്കിയിട്ടുണ്ട്. അല്ലാതെ പൊതുവിദ്യാഭ്യാസ വകുപ്പിലെ വിദ്യാർത്ഥികളുടേയും അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടേയും വിവരങ്ങളടങ്ങിയ ഡാറ്റാബേസ് ഇതുവരെ ഹാക്കർ സംഘം ചോർത്തിയതായി കാണുന്നില്ല. സമ്പൂർണ സോഫ്റ്റ്‌വെയർ കൃത്യമായ സുരക്ഷാ ഓഡിറ്റ് നടത്തി കൈറ്റ് CERT- നെ അറിയിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | വിവരം ലഭിച്ച ഉടനെ പ്രാഥമിക തലത്തിൽ സാങ്കേതികാന്വേഷണം കൈറ്റ് നടത്തി. CERT ൽ നിന്നും ഇ-മെയിൽ സന്ദേശം ലഭിച്ച ഉടനെ കൈറ്റ് പരിശോധിക്കുകയും സമ്പൂർണ ഡാറ്റാബേസോ മറ്റോ |

| | | | |
|---|---|---|---|
| | | | ഹാക്ക് ചെയ്യാതെ തന്നെ പ്രസ്തുത സ്കൂളിന്റെ ലോഗിൻ ഉപയോഗിച്ച് pdf രൂപത്തിൽ തിരുവനന്തപുരം, കാട്ടാക്കട, പി.ആർ.ഡബ്ല്യു എച്ച്.എസ്.എസ്.-ലെ 3MB മാത്രം വലുപ്പമുള്ള ഒരു റിപ്പോർട്ട് ഡൗൺലോഡ് ചെയ്തതാണെന്നും മനസ്സിലാക്കി. സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ സ്കൂളിലെ കുട്ടികളുടെ ഡാറ്റ രക്ഷിതാക്കൾക്ക് വാട്ട്സ്ആപ്പ് സന്ദേശങ്ങളായി ലഭിച്ച വിഷയം സംബന്ധിച്ച് 28.02.2023 ന് സ്കൂൾ പ്രഥമാധ്യാപിക കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടെന്ന് കണ്ടെത്തി. ഇതിന്റെ<br>തുടർച്ചയായി വിശദമായ അന്വേഷണത്തിനായി 08.03.2023-ന് ഡി.ജി.പി.-യ്ക്ക് കൈറ്റ് സി.ഇ.ഒ. പരാതി നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളുടെയും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും വിവരങ്ങൾ ചോരാതിരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 'സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിന്റേതുൾപ്പെടെ കൈറ്റ് പൊതുവിദ്യാഭ്യാസ വകുപ്പിനായി സജ്ജമാക്കുന്ന ഓൺലൈൻ ആപ്ലിക്കേഷനുകൾ കൃത്യമായ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയ ശേഷമാണ് സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ സെർവറിൽ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. സ്കൂളുകൾക്ക് ഓരോ ആപ്ലിക്കേഷനും ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഡാറ്റാ സെക്യൂരിറ്റിയെക്കുറിച്ചും കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുകയും യൂസർനെയിം പാസ്‌വേഡ് എന്നിവ സുരക്ഷിതമായി മറ്റാർക്കും പങ്കുവെയ്ക്കാതെ ഉപയോഗിക്കണമെന്ന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണയിലെ ഡാറ്റാ സെക്യൂരിറ്റി ഉറപ്പുവരുത്തുന്നതിനായി ഇപ്പോൾ ലോഗിൻ ചെയ്യുന്ന ഓരോ സ്കൂളും നിർബന്ധമായും പാസ്‌വേഡ് മാറ്റുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഇത് നിശ്ചിത ഇടവേളകളിൽ ആവർത്തിക്കുന്നതിനുള്ള ക്രമീകരണവും ലോഗിൻ ചെയ്യുമ്പോൾ OTP ലഭ്യമാകുന്നതുൾപ്പെടെയുള്ള അധിക ക്രമീകരണങ്ങൾ ആവശ്യമുണ്ടോ എന്ന പരിശോധനയും നടത്തുന്നുണ്ട്.<br><br>സമ്പൂർണയിലെ ഡാറ്റാബേസിലേയ്ക്ക് നേരിട്ട് ഒരു ലോഗിനും അക്സസ് ലഭ്യമല്ല. ലോഗിൻ ചെയ്താലും ഓരോ സ്കൂളിനും അവരവരുടെ റിപ്പോർട്ടുകൾ ലഭിക്കുകമാത്രമേയുള്ളു. സ്റ്റേറ്റ് ലോഗിനിൽപോലും കൺസോളിഡേറ്റഡ് റിപ്പോർട്ടാണ് ലഭിക്കുന്നത്. ഇതുതന്നെ സ്കൂൾ, ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂ ജില്ല, സംസ്ഥാന തലങ്ങളിലുള്ള എണ്ണം മാത്രമാണ് ലഭിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുകളിൽ വ്യക്തിഗത വിശദാംശങ്ങൾ ഉൾപ്പെടാതിരിക്ക<br>ന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ